## ഉല്പാദനമേഖലയുടെ ഉന്നമനത്തിന് നടപടി

**16 (*136)** ശ്രീ. എ. എം. ആരീഫ് :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ ഉല്പാദന മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകാതെയുള്ള മാർഗ്ഗനിർദ്ദേശവും ഈ മേഖലയ്ക്ക് അനുവദിച്ച തുക തന്നെ ചെലവാക്കപ്പെടാത്തതുമായ സ്ഥിതിവിശേഷവും ഗ്രാമീണ മേഖലയെ ഏതു തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉല്പാദനമേഖലയുടെ തളർച്ച ഗ്രാമങ്ങളിലെ വരുമാനത്തെയും തദ്വാര വാങ്ങൽശേഷിയേയും തളർത്താൻ ഇടനൽകിയെന്ന കാര്യം സർക്കാരിനറിയാമോ ;

(സി) ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന് പകരം ഉല്പാദനോപാധിയായ കൃഷി ഭൂമി കച്ചവടവൽക്കരിക്കുന്ന നിലയിലേക്ക് എത്തിച്ച ഈ പരിഷ്കാരം മാറ്റാൻ തയ്യാറാകുമോ ;

(ഡി) ഉല്പാദനവും ഉല്പാദനക്ഷമതയും തൊഴിലവസരവും വരുമാനവും വർദ്ധിപ്പിച്ച് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന തദ്ദേശസ്ഥാപനങ്ങളുടെ സുപ്രധാന ദൗത്യം അട്ടിമറിക്കപ്പെടാതെ നോക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉല്പാദന മേഖലയ്ക്ക് പദ്ധതി വിഹിതത്തിൽനിന്നും തുക വകയിരുത്തുന്നതിന് കൂടിയ പരിധിയോ കുറഞ്ഞ പരിധിയോ നിശ്ചയിച്ചിട്ടില്ല. അനിവാര്യ വകയിരുത്തലുകൾക്കുശേഷം ആകെയുള്ള അടങ്കൽ തുകയുടെ എത്ര തുക വേണമെങ്കിലും ഉല്പാദന മേഖലയിൽ ചെലവഴിക്കാനുള്ള സ്വതന്ത്ര്യം തദ്ദേശസ്ഥാപനങ്ങൾക്ക് 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിലനിർത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലെ വ്യവസ്ഥകൾ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലാണ്.

(ഡി) ഉല്പാദനവും ഉല്പാദനക്ഷമതയും തൊഴിലവസരവും വരുമാനവും വർദ്ധിപ്പിച്ച് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന തദ്ദേശസ്ഥാപനങ്ങളുടെ സുപ്രധാന ദൗത്യം പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly